**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3334 29/01/2014-ൽ മറുപടിയ്ക്ക്

# ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

ചോദ്യം
ശ്രീ. പി. റ്റി. എ. റഹീം

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

എ) 2011-2012 വർഷം ജൈവകൃഷി വികസനത്തിന് 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 450 ലക്ഷം രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-12 കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടു കൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമേ 2010-11 വർഷം ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി.

2012-13 സാമ്പത്തിക വർഷം ജൈവകൃഷി പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 50 ലക്ഷം രൂപ "സേഫ് ടു ഈറ്റ് വെജിറ്റബിൾ" പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്.

ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 5,19,35,000/- രൂപ അനുവദിച്ചു.

2013-14 വർഷത്തിൽ ജൈവ ജില്ലയായ കാസർഗോഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 940 ലക്ഷം രൂപ അനുവദിച്ചു. "സേഫ് ടു ഈറ്റ് വെജിറ്റബിൾ" എന്ന പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചു.

ഇതിനുപുറമേ കേരള ബ്രാന്റ് ജൈവകൃഷി പദ്ധതി കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതികളിൽ ഉൾപ്പെടുത്തി ജൈവകൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. 2013-14 വാർഷിക കർമ്മ പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം 200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുവാനും ലക്ഷ്യമുണ്ട്. ജൈവകൃഷി വ്യാപനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്നത്. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും.

ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനു വേണ്ടി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷനു വേണ്ടി അഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫിക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.

ജൈവകൃഷി സംവിധാനം നടപ്പിലാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ അംഗീകൃത ഏജൻസികളെ വിവിധ ജില്ലകളിലായി ചുമതല പ്പെടുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ഹൈറേഞ്ച് ഓർഗ്ഗാനിക്

പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയും കേരള അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് സൊസൈറ്റിയും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്റർ നാഷണൽ കോമ്പിറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രിക്കൾച്ചറും വയനാടിൽ വയനാട് ഓർഗാനിക് അഗ്രിക്കൾച്ചറൽ കൺസോർഷ്യം സൊസൈറ്റിയു-മാണ് ജൈവകൃഷി നടപ്പിലാക്കി വരുന്നത്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ച് വരുന്നു. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തി വരുന്നു.

ബി) രാസവളങ്ങളുടെയും കീടനാശിനി-കളുടെയും അനിയന്ത്രിത ഉപ യോഗം മൂലമുണ്ടാവുന്ന ദൂഷ്യവശ-ങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബി) രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിത ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്തു തലത്തിൽ കൃഷി ഭവൻ മുഖേന ബോധവത്ക്കരണ ചർച്ചാ ക്ലാസ്സുകളും ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുതലായവരുടെ നേതൃത്വത്തിൽ സെമിനാറുകളും നടത്തുന്നുണ്ട്. സെയ്ഫ് റ്റു ഈറ്റ് എന്ന പദ്ധതിയിൽ പച്ചക്കറികളിലുള്ള വിഷാംശത്തെ സംബന്ധിച്ച പരിശോധന നടത്തി അതു സംബന്ധിച്ച റിപ്പോർട്ട് കാർഷിക സർവ്വകലാശാല കൃഷിക്കാർക്കും പൊതുജനങ്ങൾക്കും ഉപകരിക്കുന്ന രീതിയിൽ പ്രസിദ്ധീകരിക്കാറുണ്ട്.

=

സെക്ഷൻ ഓഫീസർ